# പതിനാലാം കേരള നിയമസഭ
# (FOURTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി I
## (SUBJECT COMMITTEE I)

## കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും

## (AGRICULTURE, ANIMAL HUSBANDRY AND FISHERIES)

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച
നാലാമത് റിപ്പോർട്ട്
(2019-20)

**FOURTH REPORT ON THE SCRUTINY OF
DEMANDS FOR GRANTS
(2019-20)**

2019 മേയ് 28-ാം തീയതി സമർപ്പിച്ചത്
(Presented on 28th may 2019)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2019

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2019

പതിനാലാം കേരള നിയമസഭ

# (FOURTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി I
## (SUBJECT COMMITTEE I)

## കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും
## (AGRICULTURE, ANIMAL HUSBANDRY AND FISHERIES)

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച
നാലാമത് റിപ്പോർട്ട്
(2019-20)

FOURTH REPORT ON THE SCRUTINY OF
DEMANDS FOR GRANTS
(2019-20)

364/2019.

## ഉള്ളടക്കം


| | | |
|---|---|---|
| | | പേജ് |
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | I |

# സബ്ജക്ട് കമ്മിറ്റി I

## കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും

## (2019-2021)

### ഘടന

<u>ചെയർമാൻ</u> :

ശ്രീ. വി. എസ്. സുനിൽകുമാർ,
കൃഷി വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗങ്ങൾ</u> :

ശ്രീ. കെ. രാജു,
വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി,

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
മത്സ്യബന്ധനവും ഹാർബർ എൻജിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u> :

ശ്രീ. പാറക്കൽ അബ്ദുള്ള, എം.എൽ.എ.

ശ്രീ. എ. പി. അനിൽകുമാർ, എം.എൽ.എ.

ശ്രീ. ചിറ്റയം ഗോപകുമാർ, എം.എൽ.എ.

ശ്രീ. കെ. കുഞ്ഞിരാമൻ, എം.എൽ.എ.

ശ്രീ. എം. നൗഷാദ്, എം.എൽ.എ.

ശ്രീ. എസ്. ശർമ്മ, എം.എൽ.എ.

ശ്രീ. എം. വിൻസെന്റ്, എം.എൽ.എ.

ശ്രീ. കെ. വി. വിജയദാസ്, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. തോമസ് ചെട്ടുപറമ്പിൽ, അഡീഷണൽ സെക്രട്ടറി

ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ജയശ്രീ. എം., അണ്ടർ സെക്രട്ടറി.

# അവതാരിക

2019-20 സാമ്പത്തികവർഷത്തെ ബജറ്റിൽ കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ പരിധിയിൽ വരുന്ന ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് സമിതിയുടെ ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലും മാർഗ്ഗനിർദ്ദേശരേഖകളിലും വ്യവസ്ഥ ചെയ്തിട്ടുള്ളവിധം താഴെപ്പറയുന്ന ധനാഭ്യർത്ഥനകളിൽ ഉൾക്കൊള്ളുന്ന വിവിധ ചെലവിനങ്ങൾ 2019 ഫെബ്രുവരി 27, മാർച്ച് 6 എന്നീ തീയതികളിൽ സമിതി പരിശോധിച്ചു.

ധനാഭ്യർത്ഥന നമ്പർ XXIX — കൃഷി

ധനാഭ്യർത്ഥന നമ്പർ XXX — ഭക്ഷ്യം (വെയർഹൗസിംഗ് കോർപ്പറേഷൻ)

ധനാഭ്യർത്ഥന നമ്പർ XXXI — മൃഗസംരക്ഷണം

ധനാഭ്യർത്ഥന നമ്പർ XXXII — ക്ഷീരവികസനം

ധനാഭ്യർത്ഥന നമ്പർ XXXIII — മത്സ്യബന്ധനം

ധനാഭ്യർത്ഥന നമ്പർ XXXIX — വൈദ്യുത പദ്ധതികൾ

ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും ലഭിച്ച കുറിപ്പുകൾ പരിശോധനാവേളയിൽ സമിതി പരിഗണിക്കുകയും യോഗത്തിൽ സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥരിൽനിന്നും കൂടുതൽ വിശദീകരണങ്ങൾ ആരായുകയും ചെയ്തു.

ഭരണഘടനാപരവും സാമ്പത്തികവുമായ പരിമിതികൾക്ക് വിധേയമായി നിർദ്ദേശങ്ങൾക്കും ശിപാർശകൾക്കും രൂപം നൽകുകയും അവ റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കുകയും ചെയ്തിരിക്കുന്നു.

2019 മാർച്ച് മാസം 13-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

തിരുവനന്തപുരം,
2019 മാർച്ച് 13.

വി. എസ്. സുനിൽ കുമാർ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി I.*

# റിപ്പോർട്ട്

## ധനാഭ്യർത്ഥന നമ്പർ XXIX—കൃഷി

വോട്ട് ചെയ്തത് : 3942,35,58,000 രൂപ

ചാർജ്ജ് ചെയ്തത് : 10,02,000 രൂപ

2401-00-001-88—മലബാർ മാർക്കറ്റ് കമ്മിറ്റിക്കുള്ള സഹായം

വിഹിതം : 50,00,000 രൂപ (പദ്ധതിയേതരം)

1. മലബാർ മാർക്കറ്റ് കമ്മിറ്റിയിലെ പെൻഷൻകാർക്കും കുടുംബ പെൻഷൻകാർക്കും അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 26 ലക്ഷം രൂപ ധന പുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-001-86—ഓഫീസ് ഓട്ടോമേഷനും ഐ.ടി. സാങ്കേതിക വിദ്യയും

വിഹിതം : 4,30,00,000 രൂപ (പദ്ധതി)

2. കൃഷി വകുപ്പിൽ ഇ-ഓഫീസ് നടപ്പിലാക്കി, സ്ഥാപനത്തിന്റെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും മെച്ചപ്പെട്ട സേവനവും സുതാര്യതയും ഉറപ്പുവരുത്തുന്നതിനും സമയലാഭം കൈവരിക്കുകയും ചെയ്യുന്നതിനായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക വളരെ അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 3.77 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-102-90—ഗ്രൂപ്പ് ഫാമിംഗ് മുഖേന നെൽകൃഷി വികസനം (ജില്ലാപദ്ധതി)

വിഹിതം : 90,85,00,000 രൂപ (പദ്ധതി)

3. 13-ാം പഞ്ചവത്സര പദ്ധതിയുടെ അവസാനത്തോടെ നെൽകൃഷി 3 ലക്ഷം ഹെക്ടറിലേക്ക് വ്യാപിപ്പിക്കുക എന്ന ലക്ഷ്യത്തോടെയുള്ള സുസ്ഥിര നെൽകൃഷി വികസന പദ്ധതി നടപ്പിലാക്കുന്നതിനും, നെൽകൃഷി വികസനത്തിനായി പാട ശേഖരങ്ങളിൽ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിനും, വിവിധ പദ്ധതികളുടെ ബ്ലോക്കുതല സംയോജനത്തിനായി പദ്ധതിയധിഷ്ഠിത സഹായം, എന്നിവയ്ക്കായും ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 58.5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-102-79—<u>പ്രത്യേക കാർഷിക മേഖല</u>

വിഹിതം : ഇല്ല.

4. വിവിധ വിളകൾക്ക് ഏറ്റവും അനുയോജ്യമായ കാർഷികമേഖലകൾ കണ്ടെത്തി അവയുടെ സമഗ്രവികസനത്തിനായി വിവിധ പ്രവർത്തനങ്ങൾ നടത്തി കർഷകരുടെ വരുമാനം പരമാവധി വർദ്ധിപ്പിക്കുന്നതിനുള്ള പ്രത്യേക പദ്ധതിയിൽ മേഖലയുടെ സമഗ്ര വികസനത്തിനായി തുടർ പ്രവർത്തനങ്ങൾ നടത്തുന്നതിനും കൂടാതെ 2018-19 വർഷത്തിൽ ആരംഭിച്ചതും പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നതുമായ വിവിധ പ്രവർത്തനങ്ങളുടെ നടത്തിപ്പിനുമായി 2019-20 വർഷത്തിൽ തുക ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ <u>ഈ ശീർഷകത്തിൽ 10 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2401-00-103-87—<u>നാളികേര വികസനം</u>

വിഹിതം : 69,00,00,000 രൂപ (പദ്ധതി)

5. നാളികേര കൗൺസിൽ മുഖേന ലക്ഷ്യമിട്ടിരിക്കുന്ന വിസ്തൃതി വ്യാപനവും ഉത്പാദന വർദ്ധനവും സാധ്യമാക്കുന്നതിന് കേരഗ്രാമം എന്ന ഘടകത്തിന് 38.71 കോടി രൂപയും CPCRI മുഖേന നടപ്പിലാക്കുന്ന പ്രോജക്ടുകളുടെ സുഗമമായ നടത്തിപ്പിനായി 77.76 ലക്ഷം രൂപയും ഉൾപ്പെടെ <u>ഈ ശീർഷകത്തിൽ 39.4876 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2401-00-103-75—<u>ലൊക്കേഷൻ സ്പെസിഫിക് സ്കീം</u>

വിഹിതം : 3,50,00,000 രൂപ (പദ്ധതിയേതരം)

6. പ്രാദേശിക വിളകളുടെ വികസനത്തിനും ട്രൈബൽ മേഖലയിൽ മില്ലറ്റ് ഉൾപ്പെടെയുള്ള തനതു വിളകളുടെ വികസനത്തിനും ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ <u>ഈ ശീർഷകത്തിൽ 1.5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2401-00-104-91—<u>ഡിപ്പാർട്ട്മെന്റ് കൃഷി സ്ഥലങ്ങൾ മുഖേന നടീൽ വസ്തുക്കളുടെ ഉല്പാദനം വർദ്ധിപ്പിക്കൽ</u>

വിഹിതം : 18,25,00,000 രൂപ (പദ്ധതി)

7. 2019-20 വർഷത്തിൽ 10 ലക്ഷം വിത്തുതേങ്ങ സംഭരിക്കുന്നതിനായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 3 കോടി രൂപ കൂടി ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-105-86—ആധുനിക പരീക്ഷണശാലകൾ സ്ഥാപിക്കൽ

വിഹിതം : 8,00,00,000 രൂപ (പദ്ധതി)

8. ക്വാളിറ്റി കൺട്രോൾ എൻഫോഴ്സ്മെന്റ് എന്ന ഘടകത്തിൽ ലൈസൻസ് നൽകുന്നതിനും ആയത് നിരീക്ഷിക്കുന്നതിനുമായി ഒരു ഓൺലൈൻ സിസ്റ്റം സ്ഥാപിക്കുന്നതിനായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-105-85—ഓർഗാനിക് ഫാമിംഗ്

വിഹിതം: 5,38,00,000 രൂപ (പദ്ധതി)

9. 2019-20 സാമ്പത്തിക വർഷത്തിൽ ആരംഭിക്കുന്ന 50 പുതിയ ഇക്കോഷോപ്പുകളുടെയും, നിലവിലുള്ളവയുടെയും പ്രവർത്തനത്തിനായി 100 ലക്ഷം രൂപയും കാർഷിക ഉല്പന്നങ്ങളിലെ കീടനാശിനി അവശിഷ്ട വിഷ വീര്യം വിശകലനം ചെയ്യുന്നതിനായി 10 ലക്ഷം രൂപയും കുട്ടനാട് ജി.എ.പി.യിലെ പ്രവർത്തനങ്ങൾക്കായി 100 ലക്ഷം രൂപയും കാസർകോഡ് ജില്ല പൂർണ്ണമായും ജൈവജില്ല ആക്കുന്നതിനുള്ള ജി.എ.പി. സർട്ടിഫിക്കേഷനുവേണ്ടി 50 ലക്ഷം രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ 2.6 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-107-78—വിളകളുടെ ആരോഗ്യ സംരക്ഷണം

വിഹിതം: 11,63,00,000 രൂപ (പദ്ധതി)

10. കേരള സെന്റർ ഫോർ പെസ്റ്റ് മാനേജ്മെന്റിന്റെ പ്രവർത്തനങ്ങൾക്കായുള്ള ഘടകത്തിന് ബജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-108-56—കവുങ്ങ് കൃഷിയ്ക്കുള്ള പ്രത്യേക പദ്ധതി

വിഹിതം : 2,00,00,000 രൂപ

11. കവുങ്ങ് കൃഷിയുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനും സംരക്ഷണത്തിനുമായി ഈ ശീർഷകത്തിൽ 3 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-109-84—കാർഷിക വിജ്ഞാനവും വ്യാപനവും

വിഹിതം : 5,00,00,000 രൂപ (പദ്ധതി)

12. ഫാം ഇൻഫർമേഷൻ ബ്യൂറോ, കേരള കർഷകൻ മാസിക എന്നിവയുടെ മെച്ചപ്പെട്ട പ്രവർത്തനത്തിനായി 1.705 കോടിയും, മീഡിയ ലൈസൻ എന്ന ഘടകത്തിൽ, പരസ്യ അനുബന്ധ ചെലവുകൾക്കായി 73 ലക്ഷം രൂപയും ആലപ്പുഴയിൽ പുതുതായി സ്ഥാപിക്കുന്ന കമ്മ്യൂണിറ്റി റേഡിയോസ്റ്റേഷന്റെ പ്രവർത്തനങ്ങൾക്കായി 15 ലക്ഷം രൂപയും തൃശ്ശൂരിൽ പുതുതായി സ്ഥാപിക്കുന്ന ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ പുതിയ മേഖല ഓഫീസിന്റെ സ്ഥാപനചെലവുകൾക്കായി 26.4 ലക്ഷം രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ ആകെ 2.85 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-109-80—കാർഷിക വ്യാപനം ശക്തിപ്പെടുത്തൽ

വിഹിതം : 45,45,00,000 രൂപ (പദ്ധതി)

13. കാർഷിക അനുബന്ധ മേഖലകളിലെ കർഷകർക്കും ഉദ്യോഗസ്ഥർക്കും ഇതര സംസ്ഥാനങ്ങളിലെ ഗവേഷണ സ്ഥാപനങ്ങൾ സന്ദർശിച്ച് നൂതന കാർഷിക പ്രവർത്തന രീതികളും സാങ്കേതിക വിദ്യകളും സ്വായത്തമാക്കുന്നതിന് അവസരം നൽകുന്ന കർഷക നൈപുണ്യ അവാർഡ് എന്ന ഘടകത്തിന് ബജറ്റിൽ തുക അനുവദിച്ചിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-109-76—കർഷക ക്ഷേമനിധി ബോർഡ്

വിഹിതം : ഇല്ല.

14. 2018-ലെ കേരള കർഷക ക്ഷേമനിധി ബില്ലിനെ സംബന്ധിച്ച് സൂക്ഷ്മ പഠനം നടത്തുന്ന സെലക്ട് കമ്മിറ്റി, ബില്ല് സംബന്ധിച്ച വിവര ശേഖരണത്തിനായി തൃശ്ശൂർ, ആലപ്പുഴ എന്നീ ജില്ലകളിൽ സിറ്റിംഗ് നടത്തുകയും കർഷക സംഘടനകളിൽ നിന്നും വിവരശേഖരണം നടത്തുകയും ചെയ്തിട്ടുണ്ടെങ്കിലും 2019-20 സാമ്പത്തിക വർഷം നിലവിൽ വരുന്ന കർഷക ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ തുകയൊന്നും വകയിരുത്താത്തതിനാൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-113-83—കാർഷിക സേവന കേന്ദ്രവും സേവനം എത്തിക്കലും

വിഹിതം : 18,10,00,000 രൂപ (പദ്ധതി)

15. എൻ.ഇ.ജി.പി.യിലെ ഡേറ്റാ എൻട്രി ഓപ്പറേറ്റർമാർക്കുള്ള ഓണറേറിയത്തിനായി ഈ ശീർഷകത്തിൽ 3 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-115-99—ചെറുകിട നാമമാത്ര നെൽകൃഷിക്കാർക്ക് സൗജന്യമായി വൈദ്യുതി നൽകുന്ന പദ്ധതി

വിഹിതം : 35,50,00,000 രൂപ (പദ്ധതിയേതരം)

16. കെ.എസ്.ഇ.ബി.-ക്കുള്ള കുടിശ്ശിക നൽകുന്നതിനായി ഈ ശീർഷകത്തിൽ 33.335 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-115-98—ചെറുകിട നാമമാത്ര കർഷക പെൻഷൻ

വിഹിതം: 383,99,86,000 രൂപ (പദ്ധതിയേതരം)

17. പ്രതിമാസ കർഷക പെൻഷൻ നിരക്ക് 1,200 രൂപയായി വർദ്ധിപ്പിച്ചതിനാലും 2018 ഡിസംബർ മുതലുള്ള കുടിശ്ശിക കൂടി നൽകേണ്ടതിനാലും ഈ ശീർഷകത്തിൽ 164.0014 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണ മെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-119-85—കൃഷി വകുപ്പ് മുഖേനയുള്ള പച്ചക്കറി വികസനം

വിഹിതം : 63,90,00,000 രൂപ (പദ്ധതി)

18. പച്ചക്കറി വികസന പദ്ധതിയുടെ ഭാഗമായുള്ള ജില്ലാ ക്ലസ്റ്റർ വികസനം, എക്സ്റ്റേർണൽ മോണിറ്ററിംഗ്, സ്റ്റാഗേർഡ് ക്ലസ്റ്ററിന് ഫീൽഡ് തലത്തിലുള്ള ആവശ്യകത എന്നിവയ്ക്കായി 6 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-191-50—മുനിസിപ്പൽ കോർപ്പറേഷനുകൾക്കുള്ള ധനസഹായം

വിഹിതം : 50,000 രൂപ (പദ്ധതിയേതരം)

19. 2013-14 വർഷം മുതലുള്ള ഉല്പാദനബോണസിന്റെ കുടിശ്ശിക തുക നൽകുന്നതിനായി ഈ ശീർഷകത്തിൽ 48.5 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-192-50—മുനിസിപ്പാലിറ്റികൾക്കുള്ള ധനസഹായം

വിഹിതം : 44,00,000 രൂപ (പദ്ധതിയേതരം)

20. 2015-16 വർഷം മുതലുള്ള ഉത്പാദന ബോണസിന്റെ കുടിശ്ശിക തുക നൽകുന്നതിനായി ഈ ശീർഷകത്തിൽ 84 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-198-50—ഗ്രാമപഞ്ചായത്തുകൾക്കുള്ള ധനസഹായം

വിഹിതം : 13,24,00,000 രൂപ (പദ്ധതിയേതരം)

21. 2015-16 മുതലുള്ള ഉല്പാദന ബോണസിന്റെ കുടിശ്ശിക തുക നൽകുന്നതിനായി ഈ ശീർഷകത്തിൽ 18.03 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-800-28—മണ്ണിന്റെ ആരോഗ്യ പരിപാലനവും ഉല്പാദനക്ഷമത വർദ്ധിപ്പിക്കലും

വിഹിതം:29,33,00,000 രൂപ (പദ്ധതി)

22. പ്രളയാനന്തര കേരളത്തിലെ കാർഷികമേഖലയുടെ പുനരുജ്ജീവനത്തിനായി മണ്ണിൽ കുറവായ വസ്തുക്കൾ ചേർക്കുക എന്ന ഘടകത്തിനായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 8.31 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2435-01-800-99—മാർക്കറ്റ് വികസനം

വിഹിതം : 19,85,00,000 രൂപ (പദ്ധതി)

23. 2019-20 സാമ്പത്തിക വർഷത്തെ ബജറ്റിൽ "വിപണി വികസനം ശക്തിപ്പെടുത്തൽ" എന്ന പദ്ധതിക്കായി 2435-01-800-99 പ്ലാൻ ശീർഷകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുക വളരെ അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ കാർഷിക മൊത്ത വ്യാപാര വിപണികളുടെയും ജില്ലാ സംഭരണ കേന്ദ്രങ്ങളുടെയും പ്രവർത്തനത്തിനായി 1 കോടി രൂപയും VFPCK-യുടെ സ്വാശ്രയ കാർഷിക വിപണി വികസനത്തിനായി 1 കോടി രൂപയും ഗ്രാമപഞ്ചായത്ത് തലത്തിലുള്ള ആഴ്ച ചന്തകളിൽ സംഭരണ സംവിധാനം ശക്തിപ്പെടുത്തുന്നതിനും നൂതന വിപണി മാതൃകകൾ കർഷകരെ പരിചയപ്പെടുത്തുന്നതിനായി 66 ലക്ഷം രൂപയും ഇ-പോർട്ടലും ഉത്തമ കൃഷി മുറകൾ പിന്തുടരുന്ന കർഷക ഗ്രൂപ്പുകളുടെ സംസ്ഥാന തലത്തിലുള്ള ശൃംഖല-സോഫ്റ്റ്‌വെയർ വികസനവും നെറ്റ് വർക്കിംഗുകളും എന്ന ഘടകത്തിന് 2 ലക്ഷം

രൂപയും, കാസർഗോഡ്, കോട്ടയം, ആലപ്പുഴ എന്നീ ജില്ലകളിലെ 198 കൃഷി ഭവനുകളിൽ കർഷക മിത്ര പരിശീലനവും, പോർട്ടൽ അടിസ്ഥാനമാക്കിയുള്ള സേവനവും എന്ന ഘടകത്തിനായി 4.0852 കോടി രൂപയും ഉൾപ്പെടെ 6.7652 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2435-01-800-94—മൂല്യവർദ്ധനവ്

വിഹിതം : 19,10,00,000 രൂപ (പദ്ധതി)

24. സർക്കാർ/പൊതുമേഖല/സഹകരണ/കുടുംബശ്രീ യൂണിറ്റ് തലത്തിൽ കർഷകരുടെ വരുമാന വർദ്ധനവ് ഉറപ്പുവരുത്തുന്നതിനായി വിപണികൾക്കും മൂല്യ വർദ്ധനവ് യൂണിറ്റുകൾക്കുമായുള്ള ധനസഹായത്തിനായി ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### പുതിയ ശീർഷകം അനുവദിക്കുന്നതിന്

25. പ്രളയവുമായി ബന്ധപ്പെട്ട് 2018-19-ൽ ആരംഭിച്ച പുനർജനി പദ്ധതികളുടെ തുടർ പ്രവർത്തനത്തിനായി പുതിയ ശീർഷകം അനുവദിച്ച് 100 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### കേരള കാർഷിക സർവ്വകലാശാല

2415-01-277-99-31—കേരള കാർഷിക സർവ്വകലാശാല സഹായധനം-ശമ്പളം

വിഹിതം : 374,45,10,000 രൂപ (പദ്ധതിയേതരം)

26. കെ.പി.എസ്.സി. മുഖേനയുള്ള അനദ്ധ്യാപക ജീവനക്കാരുടെ നിയമനം, ഫാം തൊഴിലാളികളുടെ ശമ്പള പരിഷ്കരണം, ജീവനക്കാരുടെ ശമ്പളപരിഷ്കരണ കുടിശ്ശിക, കരിയർ അഡ്വാൻസ്മെന്റ്, പ്രൊമോഷൻ കുടിശ്ശിക, അദ്ധ്യാപക നിയമനം ഉയർന്ന തോതിലുള്ള വിരമിക്കൽ, യു.ജി.സി. ശമ്പള പരിഷ്കരണം, പെൻഷൻ, പി.എഫ്. തുടങ്ങിയവയിലെ ബാധ്യതകൾ നൽകുന്നതിന് ഈ ശീർഷകത്തിൽ 139.1013 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ്

2402-00-101-90—മേഖലാ മണ്ണുപരിശോധന ലബോറട്ടറി സ്ഥാപിക്കലും കോന്നിയിൽ നിലവിലുള്ള ലബോറട്ടറി ശക്തിപ്പെടുത്തലും

വിഹിതം : 1,20,00,000 രൂപ (പദ്ധതി)

27. വകുപ്പിലെ കാലപ്പഴക്കംമൂലം ലേലം ചെയ്ത വാഹനങ്ങൾക്ക് പകരമായി പുതിയ വാഹനങ്ങൾ വാങ്ങുന്നതിനായി 1 കോടി രൂപയും " മണ്ണിനെയറിയാം മൊബൈലിലൂടെ" എന്ന പദ്ധതിയുടെ പൂർത്തീകരണത്തിനായി 35 ലക്ഷം രൂപയും ഉൾപ്പെടെ 1.35 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2402-00-102-81—ആപ്ലിക്കേഷൻ ഓഫ് ഇൻഫർമേഷൻ ടെക്നോളജി

വിഹിതം : 28,50,000 രൂപ (പദ്ധതി)

28. വകുപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുവാൻ ഫീൽഡ് തല പരിശോധനകൾ ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. വകുപ്പിനു കീഴിലുള്ള വിവിധ ഓഫീസുകളിലെ 15 വർഷത്തിലധികം പഴക്കമുള്ളതും കണ്ടം ചെയ്തതുമായ വാഹനങ്ങൾക്ക് പകരം പുതിയവ വാങ്ങുന്നതിനായി ഈ ശീർഷകത്തിൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2402-00-102-78—ജലാശയങ്ങളുടെയും നീരുറവകളുടെയും പുനരുജ്ജീവനം

വിഹിതം : 50,00,000 രൂപ (പദ്ധതി)

29. ഹരിത കേരള മിഷന്റെ ഭാഗമായി നടപ്പിലാക്കുന്ന പരമ്പരാഗത ഉറവകളുടെയും ജലസ്രോതസ്സുകളുടെയും ജല നിർഗ്ഗമന മാർഗ്ഗങ്ങളുടെയും നദികളുടെയും കൈവഴികളുടെയും പുനരുജ്ജീവനത്തിനും ഭൂഗർഭ ജലവിതാനം ഉയർത്തുവാനും നീർച്ചാലുകളുടെ പുനരുജ്ജീവനത്തിനുമായുള്ള ഈ പദ്ധതിക്ക് ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ടി പദ്ധതികളുടെ നടത്തിപ്പിനായി ഈ ശീർഷകത്തിൽ 10 കോടി രൂപ ഉപധനാഭ്യർത്ഥന/ധന പുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2402-00-102-88—ജലവിതരണ പദ്ധതികളിലെ റിസർവോയറുകളുമായി ബന്ധപ്പെട്ട പ്രദേശങ്ങളുടെ സംരക്ഷണം

വിഹിതം : 55,00,000 രൂപ (പദ്ധതി)

30. 2019-20 സാമ്പത്തിക വർഷം തിരുവനന്തപുരം ജില്ലയിലെ അരുവിക്കര, കൊല്ലം ജില്ലയിലെ ശാസ്താംകോട്ട, കോഴിക്കോട് ജില്ലയിലെ പെരുവണ്ണാമൂഴി എന്നീ പദ്ധതികളിലെ പ്രവർത്തനങ്ങൾ തുടരുന്നതിനായി ഈ ശീർഷകത്തിൽ 2 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**കേരള സംസ്ഥാന ബഹിരാകാശ ഗ്രഹണ പരിസ്ഥിതി കേന്ദ്രം (KSREC)**

2402-00-001-94-31—കേരള സംസ്ഥാന ബഹിരാകാശ ഗ്രഹണ പരിസ്ഥിതി കേന്ദ്രം (KSREC) (സഹായധനം-ശമ്പളം)

വിഹിതം : 98,24,000 രൂപ (പദ്ധതിയേതരം)

31. ഐ.എസ്.ആർ.ഒ. യിൽ നിന്നും ഗവൺമെന്റ് നിയമിച്ച ഡയറക്ടറുടെ കേന്ദ്ര നിരക്കിലുള്ള ശമ്പളം നൽകുന്നതിന് വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 58.96 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് കാസർഗോഡ് പാക്കേജ്**

2551-60-101-97—കാസർഗോഡ് പാക്കേജ്

വിഹിതം : 90,65,00,000 രൂപ (പദ്ധതി)

32. 2018-19 സാമ്പത്തികവർഷം ഭരണാനുമതിയ്ക്കായി സമർപ്പിച്ച 138.71 കോടി രൂപ അടങ്കൽ വരുന്ന പദ്ധതികൾക്കും 2019-20 സാമ്പത്തികവർഷം ഭരണാനുമതിയ്ക്കായി സമർപ്പിക്കുന്ന പദ്ധതികൾക്കും കൂടാതെ മുൻവർഷങ്ങളിൽ ഭരണാനുമതി ലഭിച്ച് പ്രവൃത്തി പുരോഗമിച്ചുവരുന്ന പദ്ധതികൾക്കുമായി ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 30 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XXX—ഭക്ഷ്യം

| | | |
|---|---|---|
| വോട്ട് ചെയ്യുന്നത് | : | 1891,38,46,000 |
| ചാർജ്ജ് ചെയ്യുന്നത് | : | ഇല്ല |

**കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ**

2408-02-190-98—കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷനിലെ കമ്പ്യൂട്ടർവൽക്കരണ പ്രവർത്തനങ്ങൾക്കുള്ള ധനസഹായം

വിഹിതം: 75,00,000 രൂപ (പദ്ധതി)

33. കമ്പ്യൂട്ടറൈസേഷനും നൂതന സാങ്കേതിക വിദ്യാവികസനത്തിനുമായി വെയർഹൗസിംഗ് കോർപ്പറേഷന് ധനസഹായമായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 68 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4408-02-190-99—<u>കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ മൂലധന മുടക്ക്</u>

വിഹിതം: 50,00,000 രൂപ (പദ്ധതി)

34. 2013-14, 2014-15, 2015-16, 2016-17, 2018-19 വർഷങ്ങളിൽ പദ്ധതിയിട്ടിരുന്ന ഗോഡൗണുകളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനും സെൻട്രൽ വെയർഹൗസിംഗ് കോർപ്പറേഷനിൽ നിന്നും പ്രസ്തുത വർഷങ്ങളിലെ ഓഹരി മൂലധനം ലഭിക്കുന്നതിനുമായി Share Capital ഇനത്തിൽ സംസ്ഥാന സർക്കാർ വകയിരുത്തിയ ഓഹരി മൂലധനം 2 കോടി രൂപയും (ഓരോ വർഷവും 50 ലക്ഷം രൂപ വീതം) കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന്റെ കീഴിൽ കണ്ണൂർ ജില്ലയിലെ തലശ്ശേരിയിൽ 1255 MT സംഭരണ ശേഷിയുള്ള ഗോഡൗണിന്റെ നിർമ്മാണത്തിനായും ആകെ <u>2.5 കോടി രൂപ ഈ ശീർഷകത്തിൽ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

4408-02-101-98—<u>ഗോഡൗണുകളുടെയും കാർഷിക സമുച്ചയത്തിന്റെയും നിർമ്മാണത്തിന് കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന് നൽകുന്ന സഹായം</u>

വിഹിതം: 1,50,00,000 രൂപ (പദ്ധതി)

35. ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് 4480 MT ഗോഡൗണിന്റെയും കാർഷിക സമുച്ചയത്തിന്റെയും നിർമ്മാണത്തിന് കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന് നൽകിയിട്ടുള്ള ബജറ്റ് വിഹിതം കുറവാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ <u>ഈ ശീർഷകത്തിൽ 2.13 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു</u>

6408-02-190-98—<u>RIDF XVII-ന് കീഴിൽ ഗോഡൗണുകളുടെ നിർമ്മാണത്തിന് കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന് ലോൺ</u>

വിഹിതം : ഇല്ല (പദ്ധതി)

36. നബാർഡ് WIF (Warehouse Infrastructure Fund) പദ്ധതിയിൻ കീഴിൽ പുനലൂർ, നോർത്ത് പറവൂർ, മുതലമട എന്നിവിടങ്ങളിലെ ഗോഡൗണുകളുടെ നിർമ്മാണത്തിനായി തുക വകയിരുത്തിയിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഗോഡൗണുകളുടെ നിർമ്മാണത്തിനായി <u>ഈ ശീർഷകത്തിൽ 11.75 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നു.</u>

**പുതിയ ശീർഷകം അനുവദിക്കുന്നതിന്**

37. സിവിൽ സപ്ലൈസ് കോർപ്പറേഷൻ, മറ്റ് പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയ്ക്ക് സബ്സിഡൈസ്ഡ് നിരക്കിൽ ഗോഡൗണുകൾ നൽകുന്നതുമൂലം വെയർഹൗസിംഗ് കോർപ്പറേഷന് പ്രതിവർഷം ഏകദേശം 4 കോടി രൂപയുടെ വരുമാന നഷ്ടം ഉണ്ടാകുന്നതായി സമിതി മനസ്സിലാക്കുന്നു. പ്രസ്തുത വരുമാന നഷ്ടം നികത്തുന്നതിനും വിരമിച്ച ജീവനക്കാരുടെ റിട്ടയർമെന്റ് ആനുകൂല്യങ്ങളുടെ കുടിശ്ശിക തുക കൊടുത്തുതീർത്ത് കോടതിയലക്ഷ്യ കേസുകൾ ഒഴിവാക്കുന്നതിനുമായി "New Service Procedure" പ്രകാരം പുതിയ ഹെഡ് ഓഫ് അക്കൗണ്ട് ആരംഭിച്ച് 50 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XXXI—മൃഗസംരക്ഷണം

| | | |
|---|---|---|
| വോട്ട് ചെയ്തത് | : | 737,83,27,000 രൂപ |
| ചാർജ്ജ് ചെയ്തത് | : | ഇല്ല |

2403-00-001-98—ജില്ലാ ഭരണം

വിഹിതം : 22,75,94,000 രൂപ (പദ്ധതിയേതരം)

38. മൃഗസംരക്ഷണ വകുപ്പിലെ ജില്ലാ ഓഫീസുകളിലെ ജീവനക്കാർക്ക് മെഡിക്കൽ റീ ഇംബേഴ്സ്മെന്റ്, കെട്ടിടങ്ങളിലെ വെള്ളക്കരം, വാടക, കരം, നികുതി, വൈദ്യുതി ചാർജ്ജ് എന്നിവയ്ക്ക് വേണ്ടി ഈ ശീർഷകത്തിൽ 5.4 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2403-00-101-99—കന്നുകാലി പ്ലേഗ് രോഗ നിർമ്മാർജ്ജനം

വിഹിതം : 11,72,69,000 രൂപ (പദ്ധതിയേതരം)

39. കന്നുകാലി പ്ലേഗ് രോഗ നിർമ്മാർജ്ജനത്തിനായി ഓഫീസുകളുടെ വെള്ളക്കരം, വാടക, നികുതി എന്നിവ നൽകുന്നതിന് ഈ ശീർഷകത്തിൽ 2.9 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2403-00-101-71—വാസസ്ഥലങ്ങളിൽ വീട്ടുപടിക്കൽ മൃഗചികിത്സാ സേവനം

വിഹിതം : 7,25,00,000 രൂപ (പദ്ധതി)

40. നിലവിലുള്ള 105 ബ്ലോക്കുകളിലെ കരാർ ജീവനക്കാരുടെ വേതനം സർക്കാർ ഉത്തരവ് നമ്പർ 112/2018/ധന. തീയതി 21-7-2018 പ്രകാരം വർദ്ധിപ്പിക്കുന്നതിനും അധികമായി 20 ബ്ലോക്കുകളിൽകൂടി രാത്രികാല അടിയന്തര മൃഗചികിത്സാ സേവനം ലഭ്യമാക്കുന്നതിനുമായി ഈ ശീർഷകത്തിൽ 2.67 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2403-00-102-99—ഊർജ്ജിത കന്നുകാലി വികസന പ്രോജക്ടുകൾ

വിഹിതം : 83,24,27,000 രൂപ (പദ്ധതിയേതരം)

41. കന്നുകാലി വികസന പ്രോജക്ടുകൾക്കായി പ്രവർത്തിക്കുന്ന പ്രാദേശിക സെന്ററുകളിലും സബ് സെന്ററുകളിലും പ്രവർത്തിക്കുന്ന ജീവനക്കാരുടെ മെഡിക്കൽ റീ ഇംബേഴ്സ്മെന്റിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2403-00-102-97 —ലൈവ് സ്റ്റോക്ക് ഫാമുകൾ

വിഹിതം : 15,96,11,000 രൂപ (പദ്ധതിയേതരം)

42. കുടപ്പനക്കുന്ന് പ്രവർത്തിക്കുന്ന കന്നുകാലി ഫാമിലെയും ചെറ്റച്ചൽ, കരിയോട്ടുമല, വിതുര എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ഫാമുകളിലെയും ജീവനക്കാരുടെ യാത്രാബത്ത, ഓഫീസുകളുടെ ടെലിഫോൺ ചാർജ്ജ്, മറ്റിനങ്ങൾ എന്നിവയ്ക്കുവേണ്ടി ഈ ശീർഷകത്തിൽ 60,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2403-00-102-96—വർഗ്ഗ സങ്കലനത്തിനുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ

വിഹിതം : 35,80,54,000 രൂപ (പദ്ധതിയേതരം)

43. പ്രാദേശിക മൃഗപരിപാലന കേന്ദ്രങ്ങൾ, 9-ാം പദ്ധതിയിലാരംഭിച്ച ഊർജ്ജിത കന്നുകാലി വികസന പ്രോജക്ടുകൾ, അവയുടെ കീഴിലുള്ള പ്രാദേശിക സെന്ററുകൾ, സബ്സെന്ററുകൾ എന്നിവയുടെ ടെലിഫോൺ ചാർജ്ജ് നൽകുന്നതിനായി ഈ ശീർഷകത്തിൽ 20,000 രൂപ ധന പുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2403-00-102-78—ആർ.കെ.വി.വൈ. സഹകരണത്തോടെയുള്ള ഗോവർദ്ധിനി പദ്ധതി

വിഹിതം : 47,50,00,000 രൂപ (പദ്ധതി)

44. അധികമായി 8000 പശുക്കുട്ടികളെ കൂടി പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി 2.5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2403-00-103-99-കോഴിവളർത്തൽ കേന്ദ്രങ്ങൾ

വിഹിതം : 13,66,47,000 രൂപ (പദ്ധതിയേതരം)

45. മൃഗസംരക്ഷണ വകുപ്പിലെ കോഴിവളർത്തൽ കേന്ദ്രങ്ങളിലെയും, സെൻട്രൽ ഹാച്ചറികളിലെയും, പേരന്റ് സ്റ്റോക്ക്കളുടെ എണ്ണം വർദ്ധിപ്പിച്ചതിനാൽ അവയുടെ തീറ്റ, മറ്റ് ചെലവുകൾ എന്നിവയ്ക്ക് അനുവദിച്ച തുക അപര്യാപ്തമായതിനാൽ, ഈ ശീർഷകത്തിൽ 15 ലക്ഷം രൂപ ധന പുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2403-00-113-98—സ്റ്റാറ്റിസ്റ്റിക്കൽ വിഭാഗം സ്ഥാപിക്കൽ

വിഹിതം : 91,13,000 രൂപ (പദ്ധതിയേതരം)

46. ജീവനക്കാർക്ക് യാത്രാ ബത്ത നൽകുന്നതിനായി ഈ ശീർഷകത്തിൽ 50,000 രൂപ ധന പുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**പുതിയ ശീർഷകം അനുവദിക്കുന്നതിന്**

47. പ്രളയബാധിത മേഖലയിൽ, കർഷകർക്ക് ജീവനോപാധികൾ ലഭ്യമാക്കുന്ന വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി ബജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ ആയതിലേയ്ക്ക് ഒരു പുതിയ ശീർഷകം അനുവദിച്ച് 77 കോടി രൂപ ധന പുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ ലിമിറ്റഡ്**

2403-00-190-94—കെ.എസ്.പി.ഡി.സി.ക്ക് സഹായം

വിഹിതം : 8,20,00,000 രൂപ (പദ്ധതി)

48. സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ സംസ്ഥാനത്തെ മുട്ടയുൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് സുപ്രധാന പങ്ക് വഹിക്കുന്നു. ഈ കോർപ്പറേഷന്റെ പ്രവർത്തനം സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കാൻ സാധിച്ചതും ഈ പദ്ധതികളിലൂടെയാണ്. സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ വിവിധ പദ്ധതികളുടെ തുടർ നടത്തിപ്പിന് ബജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന വിഹിതം

പരിമിതമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെടുന്ന പഞ്ചായത്തുകളിലെ മുഴുവൻ വിധവകൾക്ക് ആശ്വാസവും സഹായവും ലഭ്യമാക്കുന്ന **കെപ്കോ ആശ്രയ** പദ്ധതിക്ക് 3 കോടി രൂപയും സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെടുന്ന സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് വേണ്ടി നടപ്പാക്കുന്ന **കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ്** പദ്ധതിയ്ക്കായി 1 കോടി രൂപയും സ്ത്രീ ശാക്തീകരണം, വനിതകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ കണ്ടെത്തുക എന്നീ ലക്ഷ്യങ്ങൾ മുന്നിൽക്കണ്ട് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന **സ്വയം സഹായ സംഘങ്ങളിലൂടെ കോഴി വളർത്തൽ പദ്ധതിയ്ക്കായി** 1 കോടി രൂപയും നഗര പ്രദേശങ്ങളിലെ മുട്ടയുല്പാദനം വർദ്ധിപ്പിക്കുക, അടുക്കള മാലിന്യങ്ങൾ നൽകി മുട്ടയുല്പാദനച്ചെലവ് കുറയ്ക്കുക, മാലിന്യസംസ്കരണത്തിന് ഒരു പരിധി വരെ സഹായിക്കുക, കോഴിവളം, പച്ചക്കറി കൃഷിയ്ക്ക് ഉപയോഗപ്പെടുത്തി പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുക എന്നിവ ലക്ഷ്യമാക്കി കോർപ്പറേഷൻ/ മുനിസിപ്പാലിറ്റി എന്നീ സ്ഥാപനങ്ങളുമായി സഹകരിച്ച് നടപ്പാക്കുന്ന **കെപ്കോ നഗരപ്രിയ** പദ്ധതിയ്ക്കായി 1.5 കോടി രൂപയും കൂടാതെ തിരുവനന്തപുരത്ത് കുടപ്പനക്കുന്നിൽ പ്രവർത്തിക്കുന്ന ഒരു ബ്രോയിലർ ബ്രീഡിംഗ് ഫാമും, കൊല്ലം ജില്ലയിലെ കൊട്ടിയം, തൃശ്ശൂരിലെ മാള എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന മുട്ടക്കോഴി വളർത്തൽ കേന്ദ്രം തുടങ്ങിയവയുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനായി 2 കോടി രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ 8.5 കോടി രൂപ ധന പുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി

2415-03-277-99-36—കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി-സഹായധനം-ശമ്പളേതരം.

വിഹിതം : 57,00,00,000 രൂപ (പ്ലാൻ)

49. 2018-19 സാമ്പത്തിക വർഷത്തിലെ പ്ലാൻ ഇനത്തിൽ ലഭിക്കേണ്ടിയിരുന്ന 50 കോടി രൂപയിൽ നിന്നും 20% കറച്ച് 40 കോടി രൂപയായി ബജറ്റിൽ ചുരുക്കിയിരുന്നതിൽ 15 കോടി രൂപ മാത്രമേ ഇതുവരെ അനുവദിച്ചുലഭിച്ചിട്ടുള്ളുവെന്നും 2018-19-ൽ പൂർത്തീകരിക്കേണ്ട പദ്ധതികൾക്കായി 25 കോടി രൂപ ആവശ്യമുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 25 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2415-03-277-99-31—കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസ്സ് യൂണിവേഴ്സിറ്റി-സഹായധനം - ശമ്പളം

വിഹിതം: 89,07,80,000 രൂപ (പദ്ധതിയേതരം)

50. കേരള കാർഷിക സർവ്വകലാശാലയിൽ നിന്ന് ലഭിക്കേണ്ടതായ പ്രോവിഡന്റ് ഫണ്ടും അതിന്റെ പലിശയും, ലഭിക്കാത്ത സാഹചര്യത്തിലും വെറ്ററിനറി സർവ്വകലാശാലയിൽ നിന്ന് വിരമിച്ച പെൻഷനേഴ്സിന് കൊടുക്കാനുള്ള ഡി.സി.ആർ.ജി. ടെർമിനൽ സറണ്ടർ, അദ്ധ്യാപകരുടെ യു.ജി.സി. കുടിശ്ശിക മുതലായവ നൽകുന്നതിനും ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 40.5542 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡ്

2403-00-190-93—എം.പി.ഐ.ക്ക് സഹായം

വിഹിതം : 2,50,00,000 രൂപ (പദ്ധതി)

51. മാംസോല്പാദന രംഗത്ത് കേരളത്തിൽ പ്രവർത്തിക്കുന്ന ഒരേയൊരു പൊതുമേഖലാ സ്ഥാപനമാണ് മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ (എം.പി.ഐ.) ലിമിറ്റഡ്, ഈ സ്ഥാപനത്തിന്റെ പ്രവർത്തനത്തിനുവേണ്ടി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക വളരെ അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പണി പൂർത്തിയാക്കിയ ഇടയാർ ഹൈടെക്ക് സ്ലോട്ടർ ഹൗസിന്റെ പദ്ധതി അടങ്കലിന്മേലുള്ള സർവീസ് ടാക്സ് വിഹിതമായി 1.9212 കോടി രൂപയും ഇടയാർ സ്ലോട്ടർ ഹൗസിൽ നിന്നും മാംസം പായ്ക്കുചെയ്ത് എരൂർ മാംസ സംസ്കരണ യൂണിറ്റിൽ എത്തിച്ച് റെഡി-ടു-സെർവ് ഉത്പന്നങ്ങളായി സംസ്കരിച്ച് മാർക്കറ്റ് ചെയ്യുന്നതിനുള്ള പദ്ധതിക്കായി 1 കോടി രൂപയും, ഇടയാറിലെ എം.പി.ഐ. കാമ്പസിലുള്ള കോഴി ഇറച്ചി സംസ്കരണ പ്ലാന്റിനോട് ചേർന്ന് അധിക ശേഷിയുള്ള ഒരു റെന്ററിംഗ് പ്ലാന്റ് സ്ഥാപിക്കുന്നതിന് 2 കോടി രൂപയും, ഇടയാറിൽ എം.പി.ഐ. ക്യാമ്പസിൽ പന്നിക്കുട്ടികളെ ആവശ്യത്തിന് പരിപാലിച്ച് വളർത്താൻ അത്യാധുനിക ബ്രീഡിംഗ് ഫാം തുടങ്ങുന്നതിന് 2 കോടി രൂപയും, സപ്ലൈ ചെയിൻ ത്വരിതപ്പെടുത്താൻ ശീതീകരണ സംവിധാനമുള്ള റീഫർ വാനുകൾ വാങ്ങുന്നതിനും മൊബൈൽ സെയിൽസ് വാൻ സർവ്വീസ് ഏർപ്പെടുത്തുന്നതിനും 10 മൊബൈൽ വാനുകൾ വാങ്ങുന്നതിനുമായി 2 കോടി രൂപയും, ചാലക്കുടിയിലെ പരിയാരം വില്ലേജിൽ എം.പി.ഐ.യുടെ ഉടമസ്ഥതയിലുള്ള 16 ഏക്കർ സ്ഥലത്ത് ഒരു ഓപ്പൺ ലൈവ് സ്റ്റോക്ക് ഫാം കം റെസ്റ്റിംഗ് സെന്റർ നടപ്പിലാക്കാൻ 4.5 കോടി രൂപയും, ഭക്ഷ്യ സുരക്ഷ അവയർനസ് പ്രോഗ്രാമിന് 1 കോടി രൂപയും, ഉൾപ്പെടെ ഈ ശീർഷകത്തിൽ 14.4212 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2403-00-190-93—<u>എം.പി.ഐ.ക്ക് സഹായം</u>

വിഹിതം : ഇല്ല (നോൺ പ്ലാൻ)

52. മാർക്കറ്റിംഗ് ശക്തിപ്പെടുത്തുന്നതിനായി തിരുവനന്തപുരത്ത് ഒരു മോഡേൺ മീറ്റ് ഷോപ്പ് സ്ഥാപിക്കുന്നതിന് <u>25 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

6403-00-190-99—<u>മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡിനുള്ള വായ്പകൾ (ആർ.ഐ.ഡി.എഫ്.)</u>

വിഹിതം : 9,50,00,000 രൂപ (പദ്ധതി)

53. ഇടയാറിൽ പ്രവർത്തിക്കുന്ന എം.പി.ഐ. ഫാക്ടറിയിൽ നിന്നും കശാപ്പ് ചെയ്യുന്ന മാംസം പാക്ക് ചെയ്ത് കാർക്കാസാക്കി (carcass) കൊണ്ടുവന്ന് ഏറ്റുമാനൂർ മാംസ സംസ്കരണ യൂണിറ്റിൽ ഭക്ഷണത്തിന് പാകമാകുന്ന റെഡി ടു സെർവ് ഉല്പന്നങ്ങളാക്കി സംസ്കരിച്ച് പാക്ക് ചെയ്ത് മാർക്കറ്റ് ചെയ്യുന്നതിനായി RIDF ലോണായി <u>4 കോടി</u> രൂപയും തൃശ്ശൂർ ജില്ലയിലെ ചാലക്കുടിയിൽ സ്ഥാപിക്കുന്ന കാള, പോത്ത്, കിടാരി കേന്ദ്രം എന്ന പദ്ധതിയ്ക്ക് കന്നുകാലി കുട്ടികളെ വാങ്ങി വളർത്താൻ വേണ്ട സംവിധാനത്തിനും കന്നുകാലികളെ വാങ്ങുന്നതിനുമായി RIDF വായ്പയായി 5.5 കോടി രൂപയും ഉൾപ്പെടെ ആകെ <u>9.5 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

## ധനാഭ്യർത്ഥന നമ്പർ XXXII—ക്ഷീരവികസനം

| | | |
|---|---|---|
| വോട്ട് ചെയ്തത് | : | 184,09,11,000 രൂപ |
| ചാർജ്ജ് ചെയ്തത് | : | ഇല്ല |

2404-00-001-99—<u>ഡയറക്ടറേറ്റ്</u>

വിഹിതം : 6,93,72,000 രൂപ (പദ്ധതിയേതരം)

54. ഈ ശീർഷകത്തിൽ 02(5) ദിവസ വേതനം ഇനത്തിൽ 1.5 ലക്ഷം രൂപയും 05(2) വൈദ്യുതി ചെലവ് ഇനത്തിൽ 2.13 ലക്ഷം രൂപയും ഉൾപ്പെടെ <u>ആകെ 3.63 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2404-00-001-98—ജില്ലാ ഭരണം

വിഹിതം : 17,73,08,000 രൂപ (പദ്ധതിയേതരം)

55. 02(4) കൺസോളിഡേറ്റഡ് പേ ഇനത്തിൽ 2.5 ലക്ഷവും 05(2) വൈദ്യുതി ചെലവ് ഇനത്തിൽ 3 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 5.5 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2404-00-102-79—കാലിത്തീറ്റക്കുള്ള സബ്സിഡി

വിഹിതം : 14,00,00,000 രൂപ (പദ്ധതി)

56. സംസ്ഥാനത്തെ 3.5 ലക്ഷം ക്ഷീര കർഷകർക്ക് ഒരു രൂപ നിരക്കിൽ വർഷം മുഴുവനും കാലിത്തീറ്റ സബ്സിഡി നൽകുവാൻ ബജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 53 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2404-00-102-75—കന്നുകാലിത്തീറ്റ കൃഷി-വലിയതുറ സ്വീവേജ് ഫാം

വിഹിതം : 2,61,60,000 രൂപ (പദ്ധതിയേതരം)

57. ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 02(3) മറ്റ് അലവൻസുകൾ ഇനത്തിൽ 2 ലക്ഷം രൂപയും, 34(3) മറ്റിനങ്ങൾ ഇനത്തിൽ 1.38 ലക്ഷം രൂപയും ഉൾപ്പെടെ 3.38 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2404-00-195-94-34—ക്ഷീരസഹകരണ സംഘങ്ങൾക്ക് സഹായം

വിഹിതം : 15,50,00,000 രൂപ (പദ്ധതി)

58. ക്ഷീര സഹകരണ സംഘങ്ങളിൽ ആധുനികവത്കരണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനും, ക്ഷീര സംഘങ്ങളിലൂടെ കർഷകർക്ക് സബ്സിഡി നിരക്കിൽ പച്ചപ്പുൽ, വൈക്കോൽ എന്നിവ എത്തിച്ചു നൽകുന്നതിനും, സഹകരണ മേഖല പ്രചാരണ പരിപാടി സംഘടിപ്പിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 3.42 കോടി രൂപ ധനപുനഃവിനി യോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2404-00-800-78—ക്ഷീരകർഷക ക്ഷേമനിധി ബോർഡിനുള്ള ധനസഹായം

വിഹിതം : ഇല്ല (പദ്ധതി)

59. പുതിയ സർക്കാരിന്റെ നയപരമായ തീരുമാന പ്രകാരം പെൻഷൻ തുക 1,100 രൂപയായി വർദ്ധിപ്പിക്കുമ്പോൾ ഉണ്ടാകുന്ന അധിക സാമ്പത്തിക ബാദ്ധ്യത ലഘൂകരിക്കുന്നതിന് ആവശ്യമായ 158.6 കോടി രൂപ അനുവദിക്കേണ്ടതുണ്ട്. എന്നാൽ ഈ ശീർഷകത്തിൽ തുകയൊന്നും വകകൊള്ളിച്ചതായി കാണുന്നില്ല. ആയതിനാൽ ഈ ശീർഷകത്തിൽ 158.6 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4404-00-800-95—എൽ.എ.ആർ. കേസുകൾക്കുള്ള നഷ്ടപരിഹാരം

വിഹിതം : ഇല്ല.

60. എൽ.എ.ആർ. '302/88-28 എ' പ്രകാരം നഷ്ടപരിഹാരം നൽകുന്നതിനായി ബജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ ടി ശീർഷകത്തിൽ 2 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XXXIII—മത്സ്യബന്ധനം

| | | |
|---|---|---|
| വോട്ട് ചെയ്യുന്നത് | : | 716,44,12,000 രൂപ |
| ചാർജ്ജ് ചെയ്യുന്നത് | : | ഇല്ല |

2405-00-101-96—കായലിൽ മത്സ്യങ്ങളെ വളർത്തൽ

വിഹിതം : 17,13,000 രൂപ (പദ്ധതിയേതരം)

61. സംസ്ഥാനത്തെ കായലുകളിലും, മറ്റ് ജലാശയങ്ങളിലും മത്സ്യ/ചെമ്മീൻ വളർത്തൽ പരിപാടിയിൽ തുടർന്നുവരുന്ന ജീവനക്കാരുടെ ശമ്പളം, വേതനം, മറ്റ് ആഫീസ് ചെലവുകൾ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 10.87 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2405-00-101-95—മത്സ്യക്കുഞ്ഞുല്പാദന ഫാമുകൾ

വിഹിതം : 15,10,000 രൂപ (പദ്ധതിയേതരം)

62. മത്സ്യക്കുഞ്ഞുല്പാദന ഫാമുകളിൽ പ്രവർത്തനത്തിലേർപ്പെട്ടിരിക്കുന്ന ജീവനക്കാരുടെ ശമ്പളം, വേതനം, മറ്റ് ആഫീസ് ചെലവുകൾ എന്നിവയ്ക്കായി 1.9 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2405-00-101-94—കായൽ പരിശോധനയ്ക്ക്

വിഹിതം : 46,51,000 രൂപ (പദ്ധതിയേതരം)

63. നദീമുഖങ്ങൾ, ജലാശയങ്ങൾ, കായലുകൾ എന്നിവിടങ്ങളിലെ നിയമരഹിതമായ മത്സ്യബന്ധനം തടയുന്നതിന് പ്രവർത്തിച്ചുവരുന്ന ജീവനക്കാരുടെ ശമ്പളം, വേതനം, മറ്റ് ആഫീസ് ചെലവുകൾ എന്നിവയ്ക്കായി 3.49 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപ ധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2405-00-101-91—പൊതുമേഖലയിൽ ഉപ്പുജല മത്സ്യഫാമുകൾ

വിഹിതം : 1,27,22,000 രൂപ (പദ്ധതിയേതരം)

64. പൊതുമേഖലയിലെ ഉപ്പുജല മത്സ്യ/ചെമ്മീൻ ഫാമുകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ശമ്പളം, വേതനം, മറ്റ് ആഫീസ് ചെലവുകൾ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 3.78 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2405-00-101-90—ദേശീയ വിത്തുല്പാദന പരിപാടി

വിഹിതം : 1,39,00,000 രൂപ (പദ്ധതിയേതരം)

65. മത്സ്യക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കുന്നതിനുവേണ്ടി സ്ഥാപിച്ചിട്ടുള്ള ദേശീയ മത്സ്യക്കുഞ്ഞുല്പാദന കേന്ദ്രങ്ങളിലെ ജീവനക്കാരുടെ ശമ്പളം, വേതനം, മറ്റ് ആഫീസ് ചെലവുകൾ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 11 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2405-00-101-88- നാടൻ വള്ളങ്ങളും സജ്ജീകരണങ്ങളും മെച്ചപ്പെടുത്തൽ

വിഹിതം : 1,13,14,000 രൂപ (പദ്ധതിയേതരം)

66. ഉൾനാടൻ മേഖലയിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ഉപയോഗിച്ച് വരുന്ന നാടൻ വള്ളങ്ങളുടെയും വലകളുടെയും സുഗമമായ പ്രവർത്തനത്തിനും അവയുടെ സജ്ജീകരണങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പരിപാടികളുടെ നടത്തിപ്പിന് അനുവദിച്ചതും തുടർന്ന് വരുന്നതുമായ ജീവനക്കാരുടെ ശമ്പളം, വേതനം, ഓഫീസ് ചെലവുകൾ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 8.86 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2405-00-101-75—ശുദ്ധജലത്തിൽ കൊഞ്ചുകൃഷി ചെയ്യുന്നതിന്

വിഹിതം : 13,94,000 രൂപ (പദ്ധതിയേതരം)

67. ആലപ്പുഴ ജില്ലയിലെ കുട്ടനാട്ടിൽ നെല്ല്, ചെമ്മീൻ എന്നിവ ഒന്നിടവിട്ട് കൃഷി ചെയ്യുന്നതിന് ആവശ്യമായ പാടശേഖരങ്ങൾ തെരഞ്ഞെടുത്ത് സാങ്കേതിക സഹായവും പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കി പരീക്ഷണ കൃഷിയും വൻതോതിൽ ചെമ്മീൻ കൃഷിയും ചെയ്യുന്നതിനായി തുടർന്നുവരുന്ന ജീവനക്കാരുടെ ശമ്പളം, വേതനം, മറ്റ് ആഫീസ് ചെലവുകൾ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 2.06 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2405-00-101-57—മത്സ്യത്തൊഴിലാളികൾക്ക് വേണ്ടിയുള്ള വിവര ശേഖരണം

വിഹിതം: ഇല്ല

68. ഉൾനാടൻ/കടൽ മത്സ്യബന്ധനത്തിന്റെ വിവരശേഖരണവുമായി ബന്ധപ്പെട്ട ജീവനക്കാരുടെ ശമ്പളം, യാത്രാബത്ത, മറ്റ് ചെലവുകൾ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 52 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2405-00-101-53—ഉൾനാടൻ പ്രദേശങ്ങളിൽ മത്സ്യഭവനുകൾ സ്ഥാപിക്കൽ

വിഹിതം : 1,50,00,000 രൂപ (പദ്ധതി)

69. അക്വാകൾച്ചർ പ്രവർത്തനങ്ങളുടെ അഭിവൃദ്ധി ലക്ഷ്യമിട്ടുകൊണ്ട് അതിനുള്ള സാങ്കേതിക പിന്തുണ, മാർഗ്ഗ നിർദ്ദേശം, മേൽ നോട്ടം എന്നിവയ്ക്കായി ഉൾനാടൻ പ്രദേശങ്ങളിൽ മത്സ്യഭവനുകൾ സ്ഥാപിക്കുന്നതിനും അതിന്റെ നടത്തിപ്പിനുമായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 5 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2405-00-102-97—ബോട്ടുനിർമ്മാണശാലകൾ

വിഹിതം : 6,27,000 രൂപ (പദ്ധതിയേതരം)

70. ബേപ്പൂരിലേയും ശക്തികുളങ്ങരയിലേയും ബോട്ടുനിർമ്മാണ ശാലകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ശമ്പളം, വേതനം, മറ്റ് ആഫീസ് ചെലവുകൾ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 3.73 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2405-00-103-99—സമുദ്രമത്സ്യബന്ധനം നിയന്ത്രിക്കുന്നതിനു വേണ്ടി അതിർത്തി മേഖലകളിൽ റോന്തുചുറ്റൽ

വിഹിതം : 9,24,99,000 രൂപ (പദ്ധതിയേതരം)

71. കടൽമത്സ്യബന്ധന നിയന്ത്രണ നിയമം ഫലപ്രദമായി നടപ്പിലാക്കുവാൻ പോലീസ് സൂപ്രണ്ടിന്റെ ചുമതലയിൽ പ്രവർത്തിച്ചുവരുന്ന വിഭാഗത്തിലെ ജീവനക്കാരുടെ ശമ്പളം, വേതനം, മറ്റ് ആഫീസ് ചെലവുകൾ എന്നിവയ്ക്കായി 75.01 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2405-00-103-84—മത്സ്യത്തൊഴിലാളികൾക്കുള്ള മണ്ണെണ്ണ വിതരണം

വിഹിതം : 56,25,00,000 രൂപ (പദ്ധതിയേതരം)

72. മത്സ്യത്തൊഴിലാളികൾക്ക് ഒരാൾക്ക് ഒരു മാസം 150 ലിറ്റർ എന്ന ക്രമത്തിൽ ഒരു വർഷത്തേക്ക് വിതരണം ചെയ്യുന്ന 30,000 കെ.എൽ. വെള്ള മണ്ണെണ്ണയുള്ള സബ്സിഡി നൽകുന്നതിനായി ഈ ശീർഷകത്തിൽ 13.75 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2405-00-103-82—സംയോജിത മത്സ്യബന്ധന വികസന പദ്ധതി (100% എൻ.സി. ഡി. സി. സഹായം (സംസ്ഥാന വിഹിതം)

വിഹിതം: ഇല്ല (പദ്ധതി)

73. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിഹിതമായി നടപ്പിലാക്കുന്ന ഐ.എഫ്.ഡി.പി. പദ്ധതിയിൽ സബ്സിഡി നൽകുന്നതിനായി ഈ ശീർഷകത്തിൽ 5.2318 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2405-00-103-78—മത്സ്യത്തൊഴിലാളികൾക്കുള്ള ഗ്രൂപ്പ് ഇൻഷ്വറൻസ് (സംസ്ഥാന പദ്ധതി)

വിഹിതം : 9,00,00,000 രൂപ (പദ്ധതി)

74. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള മത്സ്യത്തൊഴിലാളികൾക്ക് അപകട ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നതിനായി ഈ ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 4 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2405-00-103-75—തീരദേശ ഗ്രാമങ്ങളിലെ സർക്കാർ കേന്ദ്രങ്ങളിൽ സൗജന്യ വൈ-ഫൈ സൗകര്യം സ്ഥാപിക്കൽ

വിഹിതം : ഇല്ല.

75. മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായുള്ള സാഗര പോലുള്ള വെബ് ആപ്ലിക്കേഷനുകൾ പ്രവർത്തിപ്പിക്കുന്നതിനും തീരദേശ ഗ്രാമങ്ങളിലെ സർക്കാർ കേന്ദ്രങ്ങളിൽ സൗജന്യ വൈ-ഫൈ സൗകര്യം സ്ഥാപിക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കുമായി 1 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2405-00-105-88—തീരമൈത്രി സൂപ്പർ മാർക്കറ്റ്

വിഹിതം : 1000 രൂപ (പദ്ധതിയേതരം)

76. തീരമൈത്രി സൂപ്പർമാർക്കറ്റുകളിൽ സബ്സിഡി നിരക്കിൽ അവശ്യസാധനങ്ങൾ വിതരണം ചെയ്യുന്നതിനായി ഈ ശീർഷകത്തിൽ 39.99 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2405-00-105-86—മത്സ്യമാർക്കറ്റുകൾ, വാല്യു അഡീഷൻ, വിളവെടുപ്പ് പൂർവ്വ പ്രവർത്തനങ്ങൾ എന്നിവയുടെ നവീകരണം.

വിഹിതം: 2,00,00,000 രൂപ (പദ്ധതി)

77. മത്സ്യമാർക്കറ്റുകളുടെ നവീകരണത്തിന്റെ ഭാഗമായി കോൾഡ് ചെയിൻ ശൃംഖലയുൾപ്പെടെയുള്ള സംവിധാനങ്ങൾ നടപ്പിലാക്കുന്നതിനായി ഈ ശീർഷകത്തിൽ 2 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2405-00-109-98—മത്സ്യബന്ധന സ്കൂളുകളും പരിശീലന കേന്ദ്രങ്ങളും

വിഹിതം : 7,69,87,000 രൂപ (പദ്ധതിയേതരം)

78. സംസ്ഥാനത്തെ റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളിലേയും പരിശീലന കേന്ദ്രങ്ങളിലേയും ജീവനക്കാരുടെ ശമ്പളത്തിനും മറ്റ് ഓഫീസ് ചെലവുകൾക്കും, മറ്റ് അറ്റകുറ്റ പണികൾക്കും വേണ്ടി ഈ ശീർഷകത്തിൽ 30.13 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2405-00-109-95—പരിശീലനവും വിപുലീകരണവും

വിഹിതം : 73,40,000 രൂപ (പദ്ധതിയേതരം)

79. ജീവനക്കാരുടെ ശമ്പളം, വേതനം, മറ്റ് ആഫീസ് ചെലവുകൾ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 16.60 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2405-00-109-91—വകുപ്പിന്റെ വികസനവും നവീകരണവും പരിശീലന കേന്ദ്രങ്ങളുടെ ശക്തിപ്പെടുത്തലും

വിഹിതം : 2,50,00,000 രൂപ (പദ്ധതി)

80. ഉദ്യോഗസ്ഥർക്കുള്ള പരിശീലന പരിപാടികളും ഇ-ഓഫീസ് നടപ്പിലാക്കുന്നതിനുമായി ഈ ശീർഷകത്തിൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2405-00-190-95—കേരള അക്വാ വെൻച്വർ ഇന്റർ നാഷണൽ ലിമിറ്റഡ് (കെ.എ.വി.ഐ.എൽ.)

വിഹിതം : ഇല്ല.

81. കേരള അക്വാവെൻച്വർ ഇന്റർനാഷണൽ ലിമിറ്റഡിന്റെ (KAVIL) അടിസ്ഥാന സൗകര്യ വികസനത്തിനും പ്രവർത്തനങ്ങൾക്കുമായി ധനസഹായം ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 2 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2405-00-190-94—ലിംഗസമത്വ സ്ത്രീശാക്തീകരണ നയനിർവ്വഹണം-മത്സ്യഫെഡിനുള്ള ധനസഹായം

വിഹിതം: 1000 രൂപ (പദ്ധതിയേതരം)

82. സ്ത്രീ ശാക്തീകരണ പദ്ധതിയിൽ സ്ത്രീകൾക്ക് മൈക്രോ എന്റർപ്രൈസസ്/ സ്കിൽ ട്രെയിനിംഗ് നൽകുന്നതിനായി ഈ ശീർഷകത്തിൽ 9.99 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2405-00-800-99—മത്സ്യബന്ധനത്തൊഴിലാളികൾക്കുള്ള സമ്പാദ്യ സമാശ്വാസം (പദ്ധതിക്കുള്ള സംസ്ഥാന വിഹിതം).

വിഹിതം: 28,00,00,000 രൂപ (പദ്ധതി)

83. മത്സ്യത്തൊഴിലാളികളുടെ സമ്പാദ്യശീലം വർദ്ധിപ്പിക്കുന്നതിനും പഞ്ഞമാസ കാലയളവിൽ തൊഴിൽ നഷ്ടംമൂലമുണ്ടാകുന്ന സാമ്പത്തിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുമായി 50% കേന്ദ്ര സഹായത്തോടെ നടപ്പാക്കിവരുന്ന പദ്ധതിയാണിത്. ഓരോ വർഷവും 6 തവണകളിലായി 1500 രൂപ മത്സ്യത്തൊഴിലാളികളിൽ നിന്ന് ശേഖരിച്ച് ബാങ്കിൽ

നിക്ഷേപിക്കുകയും സംസ്ഥാന വിഹിതമായ 3,000 രൂപയും ചേർത്ത് 4,500 രൂപ മൂന്നു തവണകളിലായി മത്സ്യത്തൊഴിലാളികൾക്ക് നൽകുന്നു. ഇതനുസരിച്ച് 186510-ഓളം മത്സ്യത്തൊഴിലാളികൾ 2018-19 വർഷം പദ്ധതിയിൽ അംഗമായി കഴിഞ്ഞു. ഇവർക്ക് 2019-20 വർഷം മേയ്, ജൂൺ, ജൂലൈ മാസങ്ങളിലായി പദ്ധതി വിഭാവനം ചെയ്ത രീതിയിൽ ധനസഹായം അനുവദിക്കേണ്ടതുണ്ട്. 2019-20 വർഷം ഇതിനായി ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുക വളരെ അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. കഴിഞ്ഞവർഷം 56 കോടി രൂപ ചെലവായ ഈ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി <u>ഈ ശീർഷകത്തിൽ 28 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2405-00-800-94—<u>മത്സ്യത്തൊഴിലാളി ക്ഷേമനിധിയിലേയ്ക്കുള്ള സഹായം-മത്സ്യഅനുബന്ധ തൊഴിലാളികൾക്കുമുള്ള പെൻഷൻ</u>

വിഹിതം : 80,00,00,000 രൂപ (പദ്ധതിയേതരം)

84. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാളി/അനുബന്ധതൊഴിലാളി/വിധവ പെൻഷൻകാർക്ക് പ്രതിമാസ പെൻഷൻ നൽകുന്നതിന് <u>ഈ ശീർഷകത്തിൽ 20.80 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2405-00-800-50—<u>മത്സ്യബന്ധന അനുബന്ധ തൊഴിലാളികൾക്കുള്ള ഗ്രൂപ്പ് ഇൻഷ്വറൻസ് സ്കീം</u>

വിഹിതം : 3,00,00,000 രൂപ (പദ്ധതി)

85. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള അനുബന്ധ തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പ്രീമിയം ഒടുക്കുന്നതിനായി <u>1 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2405-00-800-35—<u>ട്രോളിംഗ് നിരോധന സമയത്ത് യന്ത്രവൽകൃത ബോട്ടുകളിലെ മത്സ്യത്തൊഴിലാളികൾക്ക് സൗജന്യറേഷൻ വിതരണം</u>

വിഹിതം : 5,00,000 രൂപ (നോൺപ്ലാൻ)

86. ട്രോളിംഗ് നിരോധന സമയത്ത് മത്സ്യത്തൊഴിലാളികൾക്ക് സൗജന്യറേഷൻ വിതരണം ചെയ്യുന്നതിനായി <u>ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

4405-00-103-98—സംയോജിത മത്സ്യബന്ധന വികസന പദ്ധതി (100% എൻ.സി.ഡി.സി. സഹായം)

വിഹിതം : ഇല്ല (പദ്ധതി)

87. ഭരണാനുമതി ലഭിച്ചതും ഇപ്പോൾ നടപ്പിലാക്കി വരുന്നതുമായ സംയോജിത മത്സ്യവികസന പദ്ധതിക്കായി ബജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ 4.23 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4405-00-103-94 - തീരദേശ റോഡുകളുടെ നവീകരണം

വിഹിതം : 100,00,00,000 രൂപ (പദ്ധതിയേതരം)

88. തീരദേശ റോഡുകളുടെ നവീകരണത്തിനും പ്രളയത്തിൽ തകർന്ന റോഡുകളുടെ നവീകരണത്തിനുമായി ഈ ശീർഷകത്തിൽ 100 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4405-00-103-93—മത്സ്യത്തൊഴിലാളികൾക്കുള്ള അടിസ്ഥാന സൗകര്യവികസനവും മാനവശേഷി വികസനവും

വിഹിതം : 30,00,00,000 രൂപ

89. മത്സ്യത്തൊഴിലാളികളുടെ പുനരധിവാസ പദ്ധതി പ്രകാരം മുൻ വർഷങ്ങളിൽ അനുവദിച്ചതും ഇനി പൂർത്തീകരണത്തിനായുമുള്ള തീരദേശ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി ഈ ശീർഷകത്തിൽ 70 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4405-00-103-91—കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനായുള്ള പ്രത്യേക പാക്കേജ്

വിഹിതം: ഇല്ല (പദ്ധതി)

90. കടൽ ക്ഷോഭത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിന് തുകയൊന്നും വകയിരുത്തിയിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 3.5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4405-00-104-37—മത്സ്യബന്ധന തുറമുഖങ്ങളുടെ അറ്റകുറ്റപ്പണികളും മണ്ണുനീക്കലും

വിഹിതം: 10,00,00,000 രൂപ (പദ്ധതി)

91. ബജറ്റ് പ്രസംഗത്തിൽ പരാമർശിച്ചിട്ടുള്ളതും നിലവിൽ ജോലികൾ നടന്നുകൊണ്ടിരിക്കുന്നതുമായ തുറമുഖങ്ങൾ എത്രയും വേഗം പൂർത്തീകരിക്കുന്നതിനും അവയുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുമായി ഈ ശീർഷകത്തിൽ 50 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4405-00-104-34—തോട്ടപ്പള്ളി ഫിഷിംഗ് ഹാർബറിൽ എക്കൽ മണ്ണടിയൽ പ്രശ്നങ്ങൾ പരിഹരിക്കാൻ തെറ്റുതിരുത്തൽ പ്രവൃത്തി

വിഹിതം: 5,00,00,000 രൂപ (പദ്ധതി)

92. തോട്ടപ്പള്ളി ഫിഷിംഗ് ഹാർബറിന്റെ രണ്ടാംഘട്ട വികസന പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ 2 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4405-00-190-97—എൻ.ബി.സി.എഫ്.ഡി.സി. ആന്റ് എൻ.എം.ഡി.എഫ്.സി. പദ്ധതികളുടെ കീഴിൽ സീഡ്മണി സഹായം

വിഹിതം: ഇല്ല (പദ്ധതി)

93. എൻ.ബി.സി.എഫ്.ഡി.സി./എൻ.എം.ഡി.എഫ്.സി. എന്നീ സ്ഥാപനങ്ങൾ വഴിയുള്ള പദ്ധതി നടത്തിപ്പിനായി സീഡ് ക്യാപ്പിറ്റൽ ഇനത്തിൽ മത്സ്യഫെഡിന് 1.5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6405-00-195-99—മത്സ്യബന്ധന വികസനത്തിന് സമഗ്ര മാർഗ്ഗനിർദ്ദേശ പദ്ധതിക്കായി മത്സ്യഫെഡിന് കൊടുക്കുന്ന വായ്പ (എൻ.സി.ഡി.സി. സഹായം)

വിഹിതം: 12,00,00,000 രൂപ (പദ്ധതി)

94. പരമ്പരാഗത മത്സ്യത്തൊഴിലാളി മേഖലയിൽ മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിൽ അംഗങ്ങളായിട്ടുള്ള മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനോപകരണങ്ങൾ മത്സ്യഫെഡ് വിതരണം ചെയ്തുവരുന്നു. എൻ.സി.ഡി.സി. ധനസഹായത്തോടുകൂടിയുള്ള സംയോജിത മത്സ്യവികസന പദ്ധതി വഴിയാണ് ഈ തുക വിതരണം ചെയ്യുന്നതെന്നും ടി പദ്ധതിയ്ക്കായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 3 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### നിലവിലുള്ള ശീർഷകങ്ങൾ പുനഃസ്ഥാപിക്കുന്നതിന്

95. തീരദേശ ലേലത്തിൽ പങ്കെടുക്കുകയും സംഘത്തിൽ സമ്പാദ്യം അടയ്ക്കുകയും ചെയ്യുന്ന മത്സ്യത്തൊഴിലാളികൾക്ക് ലേലത്തിന്റെ 0.5% തുക ബോണസ് ആയി നൽകുന്നതിന് കഴിഞ്ഞ ബജറ്റിലുള്ള ശീർഷകം 2405-00-103-83 പുനഃസ്ഥാപിച്ച് 2 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

96. തീരദേശ പ്രാദേശിക വികസന പാക്കേജുകൾ നടപ്പിലാക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ ബജറ്റിലുള്ള 2405-00-105-74 എന്ന ശീർഷകം പുനഃസ്ഥാപിച്ച് 2 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

97. വിഴിഞ്ഞം തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കേണ്ടിവരുന്നതിന്റെ പൂർണ്ണബാധ്യത ഏറ്റെടുത്ത് അവർക്കായി സ്ഥലവും ഭവനവും മറ്റ് ജീവനോപാധി സഹായങ്ങളും പരിശീലനങ്ങളും നൽകുന്നതിനായി കഴിഞ്ഞ ബജറ്റിലുള്ള 4405-00-103-92 എന്ന ശീർഷകം പുനഃസ്ഥാപിച്ച് 50 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### പുതിയ ശീർഷകം അനുവദിക്കുന്നതിന്

2019-20 ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച ചുവടെ ചേർത്തിരിക്കുന്ന പദ്ധതികൾ നടപ്പാക്കുന്നതിന് പുതിയ ശീർഷകം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു:

98. തിരുവനന്തപുരം പൊഴിയൂർ മത്സ്യബന്ധന തുറമുഖ നിർമ്മാണത്തിനായി പുതിയ ശീർഷകം അനുവദിച്ച് 1000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

99. മലപ്പുറം ആനങ്ങാടി മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രത്തോടുചേർന്ന വികസന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി പുതിയ ശീർഷകം അനുവദിച്ച് 1000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

100. കാസർഗോഡ് ആഴിത്തല മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രത്തോടുചേർന്ന വികസന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി പുതിയ ശീർഷകം അനുവദിച്ച് 1000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

101. മലപ്പുറം കൂട്ടായി മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രത്തോടുചേർന്ന വികസന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി പുതിയ ശീർഷകം അനുവദിച്ച് 1000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

102. മലപ്പുറം പുതുപൊന്നാനി മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രത്തോടുചേർന്ന വികസന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി പുതിയ ശീർഷകം അനുവദിച്ച് 1000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

103. കണ്ണൂർ നീർക്കടവ് മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രത്തോടുചേർന്ന വികസന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി പുതിയ ശീർഷകം അനുവദിച്ച് 1000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

104. കാസർഗോഡ് ഷിറിയ മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രത്തോടുചേർന്ന വികസന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി പുതിയ ശീർഷകം അനുവദിച്ച് 1000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

105. തീരദേശ വികസന കോർപ്പറേഷന്റെ പ്രവർത്തന ചെലവിനായി പുതിയ ശീർഷകം അനുവദിച്ച് 1000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

106. മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ ശാക്തീകരണത്തിനായി പുതിയ ശീർഷകം അനുവദിച്ച് 1000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

107. ആലപ്പുഴ ജില്ലയിലെ പറവൂരിലെ യാൺ ട്വിസ്റ്റിംഗ് യൂണിറ്റിനായി പുതിയ ശീർഷകം അനുവദിച്ച് 1000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

108. ബോട്ട് നിർമ്മാണശാലയ്ക്കായി പുതിയ ശീർഷകം അനുവദിച്ച് 1000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

109. തീരപ്രദേശത്തെ കുട്ടികൾക്ക് പ്രാദേശിക ലൈബ്രറികളുമായി ബന്ധപ്പെടുത്തി പൊതുപഠനമുറികൾ ഒരുക്കുകയും പൊതുനിലവാരത്തിലേയ്ക്ക് ഉയർത്തുകയും ചെയ്യുന്നതിന് പ്രത്യേക പഠന, പഠനാനുബന്ധ പരിപാടികൾ ആവിഷ്കരിക്കുന്നതിനായുള്ള **'പ്രതിഭാതീരം'** എന്ന പദ്ധതിയ്ക്കായി 13 കോടി രൂപ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

തിരുവനന്തപുരം,
2019 മാർച്ച് 13.

വി.എസ്. സുനിൽ കുമാർ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി -I.*

364|19

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2019

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.